# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 645 08.08.2017-ൽ മറുപടിക്ക്

## കാർഷിക ഇൻഷ്വറൻസ് പ്രീമിയം തുക ഇൻഷ്വറൻസ് കമ്പനികളിലേക്ക് അടക്കാത്ത സഹകരണ സംഘങ്ങൾക്ക് എതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷം ചിറ്റൂർ നിയോജക മണ്ഡലത്തിലെ ചില സഹകരണ സംഘങ്ങൾ കർഷകരിൽ നിന്ന് കാർഷികഇൻഷ്വറൻസ് പ്രീമിയം ഈടാക്കിയ ശേഷം തുക ഇൻഷ്വറൻസ് കമ്പനികളിലേക്ക് അടയ്ക്കാത്തതു സംബന്ധിച്ച് സഹകരണ വകുപ്പിന് ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷം ചിറ്റൂർ നിയോജക മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ കർഷകരിൽ നിന്ന് കാർഷിക ഇൻഷ്വറൻസ് പ്രീമിയം ഈടാക്കിയ ശേഷം തുക ഇൻഷ്വറൻസ് കമ്പനികളിലേക്ക് അടയ്ക്കാത്തതു സംബന്ധിച്ച് നാളിതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | ഈയിനത്തിൽ ആകെ എത്ര രൂപയാണ് ടി മണ്ഡലത്തിലെ വിവിധ സഹകരണ സംഘങ്ങൾ പിരിച്ചെടുത്തത് ; ഇതിൽ ഏതൊക്കെ സഹകരണ സംഘങ്ങൾ തുക ഇൻഷ്വറൻസ് കമ്പനികൾക്ക് അടച്ചു; ഏതൊക്കെ സഹകരണ സംഘങ്ങൾ തുക അടക്കുന്നതിൽ വീഴ്ച വരുത്തി ; | (ബി) | ഈയിനത്തിൽ ടി മണ്ഡലത്തിലെ താഴെ പറയുന്ന സഹകരണ സംഘങ്ങൾ പിരിച്ചെടുത്ത തുകയും ഇൻഷ്വറൻസ് കമ്പനികൾക്ക് അടച്ച തുകയും ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | സഹകരണ സംഘത്തിന്റെ പേര് | പിരിച്ച തുക | അടച്ച തുക |
|---|---|---|---|
| 1 | മൂലത്തറ എസ്.സി.ബി. | 58059 | 58059 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>2</td><td>പട്ടഞ്ചേരി എസ്.സി.ബി.</td><td>1192104</td><td>1192104</td></tr>
<tr><td>3</td><td>ചിറ്റൂർ എസ്.സി.ബി.</td><td>157356</td><td>157356</td></tr>
<tr><td>4</td><td>തത്തമംഗലം എസ്.സി.ബി.</td><td>480166</td><td>339956</td></tr>
<tr><td>5</td><td>പെരുമാട്ടി എസ്.സി.ബി.</td><td>546647</td><td>546647</td></tr>
<tr><td>6</td><td>നല്ലേപ്പിള്ളി എസ്.സി.ബി.</td><td>1490741</td><td>1490741</td></tr>
<tr><td></td><td>ആകെ</td><td>3925073</td><td>3784863</td></tr>
</table>
മേൽപറഞ്ഞവയിൽ തത്തമംഗലം എസ്.സി.ബി. ഈ ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ 140210/- രൂപ ഇൻഷുറൻസ് കമ്പനിയിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>ഈയിനത്തിൽ എത്ര രൂപ കർഷകർക്ക് നഷ്ട പരിഹാര ഇനത്തിൽ നഷ്ടമായി; ഈ നഷ്ട പരിഹാരം കർഷകർക്ക് ലഭ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിൽ കൃത്യവിലോപം വരുത്തിയ സഹകരണ സംഘങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ?</td>
<td>(സി)</td>
<td>വിളനാശം കണക്കാക്കുന്നത് വിവിധ സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചായതിനാലും, കർഷകർക്കുള്ള നഷ്ടപരിഹാരതുക നിർണ്ണയിക്കുന്നത് ഇൻഷുറൻസ് കമ്പനി ആയതിനാലും, കർഷകർക്ക് നഷ്ടമായ നഷ്ടപരിഹാരതുക സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല. ടി വിഷയത്തിൽ തത്തമംഗലം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ ബഹു.ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുന്നതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**